E-266748/2023

SJD/690/2023-E1

I/80829/2023

Break the chain

## വിവരാവകാശം/മറുപടി

സാമൂഹിക നീതി ഡയറക്ടറേറ്റ്,
വികാസ് ഭവൻ, തിരുവനന്തപുരം
തീയതി :10-02-2023
Email - swdkerala@gmail.com
Phone - 0471 – 2306040

സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
സാമൂഹിക നീതി ഡയറക്ടറേറ്റ്,
തിരുവനന്തപുരം.

പ്രതാപ് കുമാർ ആർ.
പവിത്രം, നിലമ്പൂർ (പി.ഒ.)
മലപ്പുറം ജില്ല.
679329

സർ,

വിഷയം:- സാമൂഹികനീതി വകുപ്പ് – വിവരാവകാശ നിയമം 2005- ശ്രീ.പ്രതാപ് കുമാർ ആർ. സമർപ്പിച്ച അപേക്ഷയ്ക്ക് മറുപടി നൽകുന്നത് - സംബന്ധിച്ച്.

സൂചന :- ഈ കാര്യാലയത്തിൽ 16/1/2022 തീയതിയിൽ ലഭ്യമായ താങ്കളുടെ അപേക്ഷ.

സൂചനയിലേയ്ക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ആയതിന്റെ മറുപടി ചുവടെ ചേർക്കുന്നു.

1) 23/7/2018-ലെ ഇ1/3597/18 നം നടപടിക്രമങ്ങൾ പ്രകാരം താങ്കൾക്ക് സ്ഥലംമാറ്റം അനുവദിച്ച ഉത്തരവിൽ **ഭരണപരമായാണ്** താങ്കളെ സ്ഥലംമാറ്റിയിട്ടുള്ളത്.

2) ബാധകമല്ല.

3) ഭരണപരമായാണ് താങ്കളെ സ്ഥലംമാറ്റിയിട്ടുള്ളത്. പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.

4) നോട്ട് ഫയൽ പകർപ്പ്- 7 പേജ്, സ്ഥലംമാറ്റ ഉത്തരവിന്റെ പകർപ്പ്-1 പേജ് ആകെ 8 പേജിന് 24/- രൂപ ട്രഷറിയിൽ ഒടുക്കി ചലാൻ ഹാജരാക്കുന്ന മുറയ്ക്ക് താങ്കൾക്ക് ടി വിവരം ലഭ്യമാക്കുന്നതാണ്. താങ്കൾ അപേക്ഷയോടൊപ്പം സമർപ്പിച്ചിട്ടുള്ള ചലാനിൽ 20/- രൂപ ട്രഷറിയിൽ ഒടുക്കിയിട്ടുള്ള സാഹചര്യത്തിൽ 4/- രൂപ കൂടി 0070-60 -118-99-Receipts Under the Right to Information Act 2005 എന്ന Head of Account -ൽ ട്രഷറി യിൽ ഒടുക്കി ചലാന്റെ പകർപ്പ് ലഭ്യമാക്കിയാൽ മതിയാകുന്നതാണ്. ചോദ്യം 3-ലെ ഉത്തരവിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.

5) ശ്രീ.ജാഫർമാലിക് ഐ.എ.എസ് ഉപയുക്തമാക്കിയ അവധി കാലയളവ്, അവധി തരം, ഷീബജോർജ്ജ് ഐ.എ.എസ്-ന്റെ അധിക ചുമതല എന്നീ വിഷയങ്ങൾ സംബന്ധിച്ച വിവരണാത്മകവും വ്യഖ്യാന രൂപേണയുള്ള ചോദ്യത്തിന് വ്യക്തത ഇല്ലാത്തതിനാലും ഈ വിവരം ഈ കാര്യാലയത്തിൽ

I/80829/2023

ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ലാത്തതിനാലും മറുപടി ലഭ്യമാക്കുവാൻ സാധിക്കുന്നതല്ല.

മേൽ മറുപടിയിൽ താങ്കൾ തൃപ്തനല്ലെങ്കിൽ താങ്കൾക്ക് സാമൂഹിക നീതി ഡയറക്ടറേറ്റ് അപ്പീൽ അധികാരിയ്ക്ക് 30 ദിവസത്തിനകം ചുവടെ ചേർത്തിട്ടുള്ള വിലാസത്തിൽ അപ്പീൽ അപേക്ഷ സമർപ്പിക്കാവുന്നതാണ്.

ജി. അജയകുമാർ,
അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ & അപ്പീൽ അധികാരി,
സാമൂഹിക നീതി ഡയറക്ടറേറ്റ്,
വികാസ് ഭവൻ 5th Floor, തിരുവനന്തപുരം.

വിശ്വസ്തതയോടെ

ഹരികുമാരൻ നായർ ആർ.കെ.
സീനിയർ സൂപ്രണ്ട് & സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
സാമൂഹികനീതി ഡയറക്ടറേറ്റ്, തിരുവനന്തപുരം.